**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4274</u>** **<u>06-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ഇ-വേ ബിൽ സംവിധാനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അമ്പതിനായിരം രൂപക്ക് മുകളിലുള്ള സാധനങ്ങൾ വാഹനങ്ങളിൽ കൊണ്ട് പോകുമ്പോൾ ഓൺലൈനായി തയ്യാറാക്കേണ്ട ഇ-വേ ബിൽ സംവിധാനത്തിന്റെ മറവിൽ വ്യാപക വെട്ടിപ്പ് നടക്കുന്നു എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | **അൻപതിനായിരം രൂപക്ക് മുകളിലുള്ള സാധനങ്ങൾ വാഹനങ്ങളിൽ കൊണ്ട് പോകുമ്പോൾ ഇ-വേ ബിൽ സംവിധാനത്തിന്റെ മറവിൽ വ്യാപക വെട്ടിപ്പ് നടക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില കേസുകൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വാഹന പരിശോധനയിൽ കണ്ടെത്തുകയും ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.** |
| (ബി) | ഒരേ ബില്ല് ഉപയോഗിച്ച് പലതവണ ചരക്ക് കടത്തുന്നതും ബില്ലിൽ രേഖപ്പെടുത്തിയതിൽ കൂടുതൽ ചരക്ക് കടത്തുന്നതും അടക്കമുള്ള വെട്ടിപ്പുകൾ തടയാൻ സർക്കാർ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | **വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വാഹന പരിശോധനയിലൂടെ ഇ-വേ ബിൽ പരിശോധിച്ച് ഓരോ ബിൽ പ്രകാരമുള്ള വിനിമയവും അപ്രൂവ് ചെയ്യുന്നതിനാൽ അതേ ബിൽ ഉപയോഗിച്ചുള്ള തുടർ വിനിമയം തടയാൻ സാധിക്കുന്നു. സ്ക്വാഡുകളുടെ പരിശോധനയ്ക്ക് വിധേയമാകാത്ത കേസുകളിൽ വകുപ്പിന്റെ ഇ-വേ ബിൽ പോർട്ടലിൽ രൂപീകൃതമാകുന്ന റിപ്പോർട്ട് ഇത്തരത്തിൽ ഒന്നിലധികം തവണ ഒരേ ബിൽ ഉപയോഗിച്ച് ചരക്ക് നീക്കം നടത്തുന്ന ടാക്സ് പെയറുടെ വിവരം ലഭ്യമാകുന്നതിനാൽ അവർക്കെതിരെ അന്വേഷണം നടത്തി തുടർന്ന് നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നു.** |
| (സി) | പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമല്ല എന്നത് വസ്തുതയാണോ; എങ്കിൽ ഇത് കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | **പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി തന്നെയാണ് പ്രവർത്തിക്കുന്നത്. കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ